# റേഡിയോ കോളർ
# ആനകൾക്കോ വനപാലകർക്കോ ?

വയനാടിൻെറ ജൈവസമ്പത്തും വന്യജീവികളും മുമ്പെങ്ങുമില്ലാത്തവിധം ക്ഷുദ്രശക്തികളാൽ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോവുന്നത്.

മുറിച്ചുമാറ്റപ്പെടുന്ന വനങ്ങളുടെയും, അന്യരാലും അധികാരികളാലും അറുകൊല ചെയ്യപ്പെടുന്ന ആനകളുടേയും മറ്റു വന്യജീവികളുടേയും 'വേലികെട്ടിത്തിരിച്ച' വാർത്തകളുമായാണ് പത്രങ്ങളുടെ വയനാടൻ പേജുകൾ ഈ ദിവസങ്ങളിൽ നമുക്ക് മുമ്പിലെത്തുന്നത്.

പുതുവർഷത്തിലെ ആദ്യത്തെ രണ്ടാഴ്ചകൾക്കകം മൂന്ന് ആനകൾ വയനാട് വന്യജീവി കേന്ദ്രത്തിൽ വെച്ച് കൊല ചെയ്യപ്പെട്ടു. അധികാരികളുടെ റേഡിയോ കോളർ പരീക്ഷണം തുടക്കമിട്ട ആനവധം, വനത്തിനകത്തെ വ്യാജവാറ്റുകാരൻെറ ഷാപ്പിൽ വിഷം ചേർത്തും, ആനക്കൊമ്പിൻെറ വിപണന സാദ്ധ്യതയറിഞ്ഞ മാഫിയകളുടെ വെടിയുണ്ടക്കിരയായും തുടർന്നുകൊണ്ടിരിക്കുന്നു. വംശനാശഭീഷണി നേരിടുന്ന ഏഷ്യൻ ആനകളുടെ ഭൂമിയിലെ അവസാനത്തെ ആവാസ കേന്ദ്രങ്ങളിലും മരണമണി മുഴങ്ങുകയായി.

മയക്കുവെടി വെച്ച് വീഴ്ത്തിയ ആനകളുടെ ശരീരത്തിൽ റേഡിയോ കോളർ അടക്കം ചെയ്ത് ആനയുടെ നീക്കം നിരീക്ഷിക്കുന്ന വനംവകുപ്പ് മേധാവികളുടെ ബുദ്ധി ബീർബലിൻെറ വിഡ്ഢിക്കഥകളുടെ പുനരാവിഷ്കരണമാണോ എന്ന് സംശയിക്കുന്നതിൽ തെറ്റില്ല.

ആന വേട്ടക്കാരനോടും വനം കൊള്ളക്കാരനോടും വനത്തിലെ ചാരായ ലോബിയോടും സൗഹൃദം നിലനിർത്തുന്ന വനപാലകർക്ക് അവശേഷിക്കുന്ന വനങ്ങളിലോ വന്യജീവികളിലോ താൽപ്പര്യമില്ലാത്തത് സ്വാഭാവികം മാത്രം. എന്നാൽ വനവും വന്യജീവികളും സമകാലിക മനുഷ്യന് സുഖിക്കാനും നശിപ്പിക്കാനുമുള്ളതല്ല, എന്നും അവ വരുംതലമുറക്കുവേണ്ടിയുള്ള ഈടുവെയ്പു കളാണെന്നും കരുതുന്നവർക്ക് വനസംരക്ഷണം സ്വന്തം ജീവിതം പോലെതന്നെ പ്രധാനമാണ്. മനുഷ്യനെന്നപോലെ വന്യജീവികൾക്കും ജീവിക്കാനുള്ള അവകാശം നാം അനുവദിച്ചുകൊടുത്തേ പറ്റൂ.

വയനാട് വന്യജീവി സങ്കേതത്തിലെ ആനവേട്ടക്കാരെ രക്ഷിക്കുന്നതിന് വനംവകുപ്പും രാഷ്ട്രീയ ശക്തികളും നടത്തുന്ന നീക്കങ്ങൾക്കെതിരെയും റേഡിയോ കോളറും മയക്കുവെടിയും വെച്ച് ആനകളെ കൂട്ടത്തോടെ കൊന്നൊടുക്കുന്ന നവവീരപ്പന്മാരുടെ മനസ്സാക്ഷി ഉണർത്തുന്നതിനും, ചാലിയാറിൻെറ തീരങ്ങളെ മരണപ്പറമ്പാക്കി മാറ്റുന്ന ഗ്വാളിയോർ റയോൺസിന് വേണ്ടി വയനാട്ടിലെ മുളങ്കാടുകൾ നശിപ്പിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ടും വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ 1999 ജനുവരി 27 ബുധനാഴ്ച രാവിലെ 10 മണിക്ക് ബത്തേരി വൈൽഡ് ലൈഫ് വാർഡൻെറ ഓഫീസ് പ്രകൃതി സ്നേഹികൾ ഉപരോധിക്കുന്നു. താങ്കളും സുഹൃത്തുക്കളും ഇതിൽ പങ്കെടുത്ത് ഉപരോധം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**സെക്രട്ടറി**
**വയനാട് പ്രകൃതി സംരക്ഷണ സമിതി.**

മോഡേൺ ഓഫ്സെറ്റ് പ്രിൻേറഴ്സ്, സുൽത്താൻ ബത്തേരി.